DESPATCHED
On 30/4/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 140(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 2305/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2022 ഏപ്രിൽ 27

ശ്രീ. ബാബു ഒ.എ.,
ഓരാമ്പള്ളം വീട്,
കാളികാവ് റോഡ്, മങ്കര പി.ഒ.,
പാലക്കാട് – 678 613
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
ഒറ്റപ്പാലം ഫോറസ്റ്റ് റെയിഞ്ച്,
ഗവൺമെന്റ് പ്രസ് പി.ഒ., കുളപ്പുള്ളി.
2) അപ്പീൽ അധികാരി &
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
പാലക്കാട് വനം ഡിവിഷൻ, കല്ലേക്കുളങ്ങര പി.ഒ.,
പാലക്കാട് – 678 009.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 02/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/04/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബാബു ഒ.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള വിവരം നൽകാതെ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീലിന് 50 ദിവസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ഒന്നാം അപ്പീൽ അധികാരി നൽകിയിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കി വിവരാവകാശ നിയമത്തിന് വിരുദ്ധമായി പ്രവർത്തിച്ച എതിർകക്ഷികൾക്കെതിരെ ശിക്ഷനടപടി ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.11.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. അനങ്ങൻമല MGNREGS തൊഴിലാളികൾ കത്തിച്ചതുമായി ആരോപിക്കപ്പെട്ട് ഒറ്റപ്പാലം മജിസ്ട്രേട്ട് കോടതിയിൽ ഫയൽ ചെയ്ത 98/2020 ക്രിമിനൽ കേസിൽ 17–ാം പ്രതിയായ അനങ്ങനടി മുൻ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ബാബു.ഒ.എ.ക്ക് 9.11.2021–ൽ ഹാജരാകാൻ ആവശ്യപ്പെട്ട് നൽകിയ സമൻസിന്റെ പകർപ്പ് നൽകണമെന്നും

ii. അനങ്ങൻമലക്ക് തീ വയ്ക്കാൻ അനങ്ങനടി പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടു എന്ന് കുറ്റാരോപിതയായ MGNREGS തൊഴിലാളികൾ നൽകിയ മൊഴി പകർപ്പ്

iii. അനങ്ങൻമലക്ക് തീവയ്ക്കാൻ അനങ്ങനടി പഞ്ചായത്ത് സെക്രട്ടറി MGNREGS തൊഴിലാളികൾക്ക് രേഖാമൂലം കത്ത് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

iv. MGNREGS തൊഴിലാളികൾ ജോലി ചെയ്യുന്ന സൈറ്റിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി സദാസമയവും അല്ലെങ്കിൽ ഭാഗികമായെങ്കിലും ഇൻസ്പെക്ഷൻ നടത്തണമെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 01.12.2021 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരൻ 08.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 4, 6, 7, 8, 11, 12, 14 എന്നിവയ്ക്ക് നൽകിയ മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതും വിവരാവകാശ നിയമത്തിന് വിരുദ്ധവുമാണെന്നും ഇപ്രകാരം ആർ.റ്റി.ഐ. ആക്ടിന് വിരുദ്ധമായി പ്രവർത്തിച്ച ഒന്നാം എതിർകക്ഷിക്കെതിരെ വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യണമെന്നാണ്. ടി അപ്പീൽ അപേക്ഷയിന്മേൽ വ്യക്തമായ മറുപടി നൽകുന്നതിന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകി 15.2.2022–ന് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ബാബു. ഒ.എ. വിവരാവകാശ നിയമപ്രകാരം ടി ഓഫീസിൽ 8.12.2021–ന് സമർപ്പിച്ച അപ്പീൽ അപേക്ഷ ടി ഓഫീസിലെ 15.2.2022–ലെ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണെന്നും ആയതിൻപ്രകാരം അപേക്ഷയിൽ

പരാമർശിച്ചിട്ടുള്ള വിഷയത്തിൽ വ്യക്തമായ മറുപടി നൽകുന്നതിന് ഒറ്റപ്പാലം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ & പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും കോവിഡ് രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരിയും മേലുദ്യോഗസ്ഥരും സർക്കാർ നിർദ്ദേശാനുസരണം ക്വാറൈന്റയിനിലായതിനാലാണ് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ യഥാസമയം മറുപടി നൽകാൻ കഴിയാതെ വന്നതെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ പരാതിക്ക് ആധാരമായ വിഷയം ഒറ്റപ്പാലം റെയിഞ്ചിലെ ഒ.ആർ.02/2018 കേസാണെന്നും ടി കേസിലെ 17–ാം പ്രതിയും, ടി കാലയളവിലെ അനങ്ങനടി പഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ശ്രീ. ഒ.എ. ബാബു എന്നയാളാണ് കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഒറ്റപ്പാലം വനം റെയിഞ്ച് തിരുവാഴിയോട് സെക്ഷൻ പരിധിയിൽ വരുന്ന വി.എഫ്.സി. ഐറ്റം നമ്പർ 57 അനങ്ങൻ മലവാരത്തിലെ പനമണ്ണ മുതൽ കണ്ടംപാടി വരെയുള്ള വനഭാഗത്ത് കാട്ടുതീ ഉണ്ടാകാൻ ഇടയാക്കിയ കുറ്റത്തിന് തിരുവാഴിയോട് സെക്ഷൻ സ്റ്റാഫ് മഹസ്സർ തയ്യാറാക്കി ഒറ്റപ്പാലം റെയ്ഞ്ചിൽ ഒ.ആർ.02/2018 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ഒറ്റപ്പാലം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.സി.98/2020 നമ്പറായി നടന്നു വരുന്നതാണെന്നും ഒ.ആർ.02/2018 നമ്പർ കേസ് അനങ്ങടി പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ കാഞ്ഞിരപ്പുഴ സബ് കനാൽ വൃത്തിയാക്കുമ്പോൾ ചപ്പുചവറുകൾ കനാലിനകത്ത് കൂട്ടിയിട്ട് അലക്ഷ്യമായി കത്തിച്ചതിൽ നിന്നുള്ള തീ വനഭാഗത്തെ ഉണങ്ങിയ പുല്ലിൽ പിടിക്കുകയും തീ കെടുത്താൻ സാധ്യമാകാതെ വരുകയും വനഭാഗത്ത് കാട്ടുതീ പടർന്ന് ഏകദ്ദേശം 20 ഹെക്ടർ സ്ഥലത്തെ ഉണങ്ങിയ പുല്ലും, അടിക്കാടുകളും കത്തി നശിക്കുകയും സർക്കാരിലേയ്ക്ക് 20,000/– രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതുമാണെന്നും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളായ 16 പേരെ പ്രതികളാക്കുകയും ഒന്നാം പ്രതിയും കനാൽ വൃത്തിയാക്കുന്ന പ്രവൃത്തിയുടെ സൂപ്പർവൈസറുമായ പാഞ്ചാലി എന്നവർ അനങ്ങനടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശ പ്രകരമാണ് ടി പ്രവൃത്തികൾ ചെയ്തിരുന്നത് എന്ന് അന്വേഷണോദ്യോഗസ്ഥൻ മുമ്പാകെ മൊഴി നൽകുകയും ആയത് ശരിയെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഒ.എ.ബാബു എന്നയാളെ 17–ാം പ്രതിയായി മേൽ കേസിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ടി കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ശ്രീ. ബാബു. ഒ.എ. സമർപ്പിച്ച അപേക്ഷയിൽ ടി കാര്യാലയത്തിൽ നിന്നും 1.12.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിലെ ക്രമനമ്പർ 4, 6, 7, 8,11, 12 & 14 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്ക്

ലഭ്യമായ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചാണ് ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ആയത് തീർപ്പാക്കി 15.2.2022 തീയതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും തുടർന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ക്രമനമ്പർ 4, 6, 7, 8,11, 12 & 14 എന്നീ വിവരങ്ങൾക്ക് വിശദമായ മറുപടി 24.2.2022 തീയതി ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ നിന്നും വീണ്ടും നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതും ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് നൽകിയ ഒന്നാം അപ്പീൽ തീർപ്പിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 24.2.2022–ന് വിശദമായ മറുപടി തയ്യാറാക്കി ഒന്നാം എതിർകക്ഷി വീണ്ടും നൽകിയിട്ടുള്ളതും കൂടാതെ ഹർജിക്കാരന് രേഖകൾ നേരിട്ട് പരിശോധിക്കാനുള്ള അവസരം നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ മന:പൂർവ്വമോ ബോധപ്പൂർവ്വമോ ആയ വീഴ്ച മറുപടി നൽകുന്നതിൽ എതിർകക്ഷികളുടെ ഭാഗത്ത് സംഭവിച്ചതായി കാണുന്നില്ല. എന്നാൽ 8.12.2021–ന് ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീൽ 15.2.2022–നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത്. കാലതാമസം വരുത്തി അപ്പീൽ തീർപ്പാക്കുന്നത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. കോവിഡ്–19/ഒമിക്രോൺ രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരും മേലുദ്യോഗസ്ഥരും സർക്കാർ നിർദ്ദേശാനുസരണം ക്വാറന്റൈനിലായതിനാണ് ടി അപ്പീൽ യഥാസമയം തീർപ്പാക്കാൻ കഴിയാതിരുന്നതെന്ന രണ്ടാം എതിർകക്ഷിയുടെ വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് ശിക്ഷാനടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ വിവരാവകാശ അപ്പീൽ അപേക്ഷകൾ ഭാവിയിൽ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 27–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *